"ഭരണഭാഷ - മാതൃഭാഷ"
നം. സി. 452/19

ഫയർ & റെസ്ക്യൂ സ്റ്റേഷൻ,
കോട്ടയം, പിൻ -686001.
ഫോൺ- 0481-2567444.
മൊബൈൽ- 9497920065.
തീയതി : 04-07-19

സ്റ്റേഷൻ ഓഫീസർ,
അഗ്നിരക്ഷാനിലയം, കോട്ടയം.

മാനേജർ
ശ്രീ കുമാര മംഗലം പബ്ലിക് സ്കൂൾ
കുമരകം, കോട്ടയം

സർ,

വിഷയം: അഗ്നിരക്ഷാനിലയം-കോട്ടയം—ഫൈനൽ എൻ.ഓ.സി അപേക്ഷ മടക്കി നൽകുന്നത് സംബന്ധിച്ച്

സൂചന: 1. ശ്രീ കുമാരമംഗലം പബ്ലിക് സ്കൂൾ, കുമരകം, കോട്ടയം ടെ അപേക്ഷ.
2. ജി.ഒ.(പി) നം.82/2017/എൽ.എസ്.ജി.ഡി, തീയതി.31.10.2017
3. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം.

...............

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരമംഗലം പബ്ലിക് സ്കൂൾ റീ സർവ്വേ നം. 51,62,54 ൽ പ്പെട്ട വസ്തുവിൽ പണികഴിപ്പിച്ചിട്ടുള്ളതും 2003 മുതൽ സ്കൂൾ കെട്ടിടമായി പ്രവർത്തിച്ചു വരുന്നതുമായ കെട്ടിട നം. 14/479 എജ്യൂക്കേഷണൽ കെട്ടിടത്തിന് നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നതിനായി കെട്ടിടത്തിന് ഫൈനൽ എൻ.ഒ.സിക്കായി മേൽ സൂചന(1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ ആയതിന്റെ രേഖകൾ പരിശോധിച്ചതിൽ 11.10 മീറ്റർ ഉയരവും 3 നിലകളുമുള്ള എജ്യൂക്കേഷണൽ വിഭാഗ ത്തിൽപ്പെടുന്ന ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 474. ച.മീറ്റർ ആണെന്ന് കാണുന്നു.

. എന്നാൽ മേൽ സുചന (2), (3) പ്രകാരം എഡ്യൂക്കേഷണൽ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളിൽ 15 മീറ്ററിൽ കൂടുതൽ ഉയരമോ, അല്ലെങ്കിൽ 1000 ച.മീറ്ററിൽ കൂടുതൽ അടിത്തറ വിസ്തീർണ്ണമോ ഉള്ളവ മാത്രം ഫയർ എൻ.ഒ.സി ഹാജരാക്കിയാൽ മതി എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 15 മീറ്ററിൽ താഴെ ഉയ രവും, 1000 ച.മീറ്ററിൽ താഴെ 300 ച.മീറ്ററിൽ കൂടുതൽ അടിത്തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ കാര്യ ത്തിൽ നിയമാനുസൃതമുള്ള അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം പദ്ധതി തയ്യാറാക്കിയ ആർക്കിടെക്ട്/എൻജിനീയർ നൽകേണ്ടതും കെട്ടിട ഉടമ അഗ്നിസുരക്ഷ സംബന്ധിച്ച വിവരങ്ങൾ സ്വയം സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകുന്നതുമാണ്. ആയത് വാർഷികമായി പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തണ്ടതാണ്.

എൻ.ഒ.സി നേടുന്നതിന് താങ്കൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം എജ്യൂക്കേഷണൽ വിഭാഗ ത്തിൽപ്പെടുന്ന പ്രസ്തുത കെട്ടിടത്തിന് ( അടിത്തറ വിസ്തീർണ്ണം 1000 ച.മീറ്ററിൽ താഴെ/ഉയരം 15 മീറ്ററിൽ താഴെ ) മേൽ സൂചന(2) പ്രകാരം അനുമതി നൽകുവാൻ ഫയർ എൻ.ഒ.സി ആവശ്യമില്ലാത്തതിനാൽ ആയതിലേക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ മറ്റ് അനുബന്ധ രേഖകൾ സഹിതം തിരികെ നൽകുന്നു.

വിശ്വസ്തതയോടെ,

അഗ്നിരക്ഷാ നിലയം കോട്ടയം-686 001.

സ്റ്റേഷൻ ഓഫീസർ,
അഗ്നിരക്ഷാനിലയം, കോട്ടയം.

STATION OFFICER
FIRE & RESCUE STATION
KOTTAYAM PIN. 686 001

MANAGER
S.K.M. PUBLIC SCHOOL
KUMARAKOM

Sree Kumaramangalam Public School
Kumarakom
Kottayam - 686 536